(സി) പ്രസ്തുത പദ്ധതിക്ക് ചെലവഴിച്ച് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രാഥമിക കൈത്തറി സംഘങ്ങൾ | കേരള സർക്കാർ വിഹിതം | കേന്ദ്രസർക്കാർ വിഹിതം | ആകെ |
|---|---|---|---|
| | 5.58 കോടി | 22.34 കോടി | 27.92 കോടി |
| വ്യക്തിഗത നെയ്ത്തുകാർ | 0.39 കോടി | 1.58 കോടി | 1.97 കോടി |

(ഡി) പ്രസ്തുത പദ്ധതി 2 ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഓരോ സംഘത്തിനും അനുവദിച്ച് നൽകിയ തുകയെ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 233 പ്രാഥമിക സഹകരണ സംഘങ്ങൾക്കും അപ്പക്സ് സംഘമായ ഹാന്റക്സിനും 5 വ്യക്തിഗത നെയ്ത്തുകാർക്കും അർഹതയുള്ളതായി നബാർഡ് കണ്ടെത്തുകയും 28-2-2014-ലെ സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയിൽ പാസ്സാക്കി ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കമ്മീഷണർക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ടി തുകയുടെ സംസ്ഥാന വിഹിതം നബാർഡിലേക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതായിരിക്കും.

## ഐ.റ്റി. പാർക്കുകളുടെ പ്രവർത്തനം

257 (3918) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഐ.റ്റി. പാർക്കുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിലും എത്ര സ്ഥാപനങ്ങളും എത്ര ജീവനക്കാരും പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഐ.റ്റി. പാർക്കുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനുമായി എന്ത് സംവിധാനമാണ് നിലവിലുള്ളതെന്നും അത് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) തിരുവനന്തപുരത്ത് ടെക്നോപാർക്ക്, കൊച്ചിയിൽ ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവയാണ് നിലവിൽ കേരളത്തിലുള്ള പ്രധാനപ്പെട്ട ഐ.ടി. പാർക്കുകൾ. കൂടാതെ കുണ്ടറയിൽ ടെക്നോപാർക്കിന്റെ ഭാഗമായിട്ടുള്ള പാർക്കും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും ഇൻഫോപാർക്കിന്റെ കീഴിലുള്ള പാർക്കുകളും നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളെയും ജീവനക്കാരുടെ എണ്ണത്തെയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തിക്കുന്ന കമ്പനികൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം ടെക്നോപാർക്ക് ഒന്നാംഘട്ടം | 285 | 40000 |
| 2 | തിരുവനന്തപുരം ടെക്നോപാർക്ക് രണ്ടാംഘട്ടം | 1 | 5000 |
| 3 | തിരുവനന്തപുരം ടെക്നോപാർക്ക് മൂന്നാംഘട്ടം | 11 | 395 |
| 4 | കൊല്ലം ടെക്നോപാർക്ക് | 6 | 126 |
| 5 | ഇൻഫോപാർക്ക്, കൊച്ചി | 125 | 23000 |
| 6 | ഇൻഫോപാർക്ക്, കൊരട്ടി | 29 | 600 |
| 7 | ഇൻഫോപാർക്ക്, ചേർത്തല | 12 | 200 |
| 8 | സൈബർപാർക്ക്, കോഴിക്കോട് | 3 | 30 |

(സി) വ്യവസായവും ഐ.ടി.യും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവർ ഉൾപ്പെട്ട ഒരു ഉന്നതതല സമിതിയും ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാൻ ആയുള്ള പദ്ധതി നിർവ്വഹണ സമിതിയും ആണ് ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. കൂടാതെ ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എല്ലാ ഐ.ടി. പാർക്കുകൾക്കും ചീഫ് എക്സിക്യൂട്ടീവ്

Page 3 of 3

ഓഫീസറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കീഴിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ടീമും ഉണ്ട്. നിയമപ്രകാരമുള്ള അംഗീകാരങ്ങൾ വേഗത്തിൽ നേടിക്കൊടുക്കുന്നതിന് വിവര സാങ്കേതികവിദ്യാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

## ഐ.ടി. മേഖലയിലെ നേട്ടങ്ങൾ

258 (3919) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.വിപണിയിൽ സംസ്ഥാനത്തിന് അർഹമായ സ്ഥാനം നേടിയെടുക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഐ.ടി. പാർക്കുകളുടെ നിർമ്മാണത്തിലും, ഐ.ടി. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നകാര്യത്തിലും കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഐ.ടി. വ്യവസായ വികസനത്തിനുമായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. അവയിൽ പ്രധാനമായത് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനും അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കൊപ്പം ഐ.ടി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായുള്ള സർക്കാറിന്റെ പുതിയ ഐ.ടി. നയമാണ്. വിവര സാങ്കേതിക വിദ്യയിൽ കേരളത്തിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

കഴിഞ്ഞ 3 വർഷങ്ങളിലായി സംസ്ഥാന സർക്കാർ തങ്ങളുടെ ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ടു ചെയ്യുന്നതിനോടൊപ്പം തന്നെ പുതിയ ഐ.ടി. സംരംഭകരെ കൂടി ഐ.ടി. പ്രതിനിധി സംഘത്തിലുൾപ്പെടുത്തി യൂറോപ്പ്, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലെ ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായി അവസരം നൽകി. ദേശീയ/അന്തർ ദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭങ്ങൾക്ക് അവസരം ഒരുക്കുവാനും ഇതുമൂലം സാധിച്ചു.

(ബി) തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ 2010-11 കാലയളവു വരെ ആകെ നിർമ്മിത സ്ഥലം 46,50,000 ചതുരശ്ര അടി ആയിരുന്നത് 2013 ജൂണോടുകൂടി 72,00,000 ചതുരശ്ര അടിയായി വർദ്ധിപ്പിക്കുവാനും അതിനു കീഴിലെ യൂണിറ്റുകളുടെ എണ്ണം 200-ൽ നിന്നും 336 ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. അതുപോലെ മേൽകാലയളവിൽ ടെക്നോപാർക്കിന് കീഴിലെ

LIBRARY ARCHIVES Kerala Legislative Assembly